<u>സബ്മിഷൻ</u>

<u>പരമ്പരാഗത വ്യവസായ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, സംസ്ഥാനത്തെ തൊഴിൽ ശക്തിയുടെ 50% വരുന്ന പരമ്പരാഗത മേഖല വമ്പിച്ച തകർച്ചയിലാണ്. കയർ, കശുവണ്ടി, കള്ളുചെത്ത്, ഈറ്റ, പനമ്പ്, ഖാദി, ബീഡി, മത്സ്യം, ആർട്ടിസാൻസ്, കരകൗശലം, ഓട്, കളിമണ്ണ് പാത്ര നിർമ്മാണം, എന്നീ മേഖലകളിലായി 20 ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇപ്പോൾ ഈ മേഖലയിൽ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. നാലുലക്ഷം തൊഴിലാളികളുള്ള കയർ മേഖലയിൽ 10 ശതമാനം ആളുകൾക്കുപ്പോലും തൊഴിൽ ലഭിക്കുന്നില്ല. കൈത്തറി, കണ്ണൂർ ജില്ലയൊഴിച്ച് മറ്റെല്ലായിടത്തും നിശ്ചലമാണ്. കശുവണ്ടി കോർപ്പറേഷ ന്റെയും കാപെക്സിന്റെയും കെടുകാര്യസ്ഥതമൂലം കശുവണ്ടി മേഖലയിലും തുടർച്ചയായി പണി ലഭിക്കുന്നില്ല. പുകയിലനിരോധനം പതിനായിരകണ ക്കിന് ബീഡിത്തൊഴിലാളികൾക്ക് തൊഴിലില്ലാതാക്കി. റേഷൻ മണ്ണെണ ലഭി ക്കാത്തതുമൂലം മൂന്നുലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾ വറുതിയി ലാണ്. ഖാദി മേഖലയിൽ കൂലിയും തൊഴിലുമില്ല. ബാംബു കോർപ്പറേഷന്റെ കഴിവില്ലായ്മ ആ മേഖലയെയും താറുമാറാക്കി. കളിമണ്ണ് ലഭിക്കാത്തതുമൂലം ഓടുവ്യവസായവും കളിമൺ പാത്രനിർമ്മണവും തകർച്ചയിലാണ്. കള്ളുചെത്തിലേർപ്പെട്ടിരുന്ന ഒരു ലക്ഷത്തോളം തൊഴിലാ ളികളിൽ നാലിലൊന്ന് പേർക്കുപോലും തൊഴിലില്ല. മേൽപ്പറഞ്ഞ മേഖലയ്ക്കുവേണ്ടി ഓരോ വർഷവും കോടി കണക്കിന് രൂപ ബഡ്ജറ്റിൽ വകയിരുത്തി ചെലവിടുന്നുണ്ട്. അതൊന്നും ആ വ്യവസായങ്ങൾക്കോ അതി

ലേർപ്പെട്ട തൊഴിലാളികൾക്കോ യാതൊരു ഗുണവും ചെയ്യുന്നില്ല. അതു കൊണ്ട് പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ രക്ഷയും പരാമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണവും ഉറപ്പാക്കുന്നതിന് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകണം. അതുവരെ അടിയന്തരാശ്വാസമെന്ന നിലയിൽ തൊഴിലെടുക്കാൻ ശേഷിയുള്ളവർക്ക് ഒരു മാസം ആശ്വാസധനമായി 3,000/- രൂപ നൽകണം. രണ്ട്, ക്ഷേമ പെൻഷനുകൾ 2,000/- രൂപയാക്കി വർദ്ധിപ്പിക്കണം. മൂന്ന്, പി.എഫ് പെൻഷൻ 3,000/- രൂപയായി വർദ്ധിപ്പിക്കുക. നാല്, പരമ്പരാഗത വ്യവസാ യങ്ങൾ സംരക്ഷിക്കാൻ അതത് മേഖലയിലുള്ള തൊഴിലാളി സംഘടനയിലെ നേതാക്കളുമായി ചർച്ചചെയ്യുക, പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ മേൽപ്പറഞ്ഞ ആവശ്യങ്ങൾ അടിയന്തരമായി പരിഹരി ക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചാണിവിടെ പ്രതിപാദിച്ചത്. യഥാർത്ഥ ത്തിൽ അതിനൊരു സമഗ്ര പദ്ധതി തയ്യാറാക്കണമെന്നുപറയുമ്പോൾ വ്യവസായ വകുപ്പാണ് അത് തയ്യാറാക്കേണ്ടത്. ഒരു വ്യവസായമെന്നുള്ള നിലയിൽ അതിനാവശ്യമായ കാര്യങ്ങൾ തയ്യാറാക്കേണ്ടത് വ്യവസായ വകുപ്പാണ്. കാലകാലങ്ങളിൽ ആവശ്യത്തിനുള്ള പരിഷ്കാരം മോഡേണൈ സേഷനിൽ നടക്കാതെപ്പോയതും ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് കാരണ മായിയെന്ന് ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് തീർച്ചയായും ഗവൺമെന്റ്

ഇക്കാര്യം വളരെ ഗൗരവത്തിൽത്തന്നെ കണ്ട് അതിനുള്ള പദ്ധതി വ്യവസായ വകുപ്പ് തയ്യാറാക്കുമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. ബഹുമാന പ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിൽ ഗവൺമെന്റിന് തൊഴിലാളികളോട് ഇക്കാര്യത്തിലുള്ള ഒരു സമീപനമെന്നുപറഞ്ഞാൽ ശരാശരി 25,000/- രൂപ ഒരു വർഷം മിനിമം കിട്ടണമെന്നുള്ള നിലയിലേയ്ക്കാണ് ഇതിനെ സമീപിച്ചി ട്ടുള്ളത്. അതിനുവേണ്ടിത്തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തി ലാണ് ഇൻകം സപ്പോർട്ട് സ്കീം എന്നൊരു പദ്ധതി പ്രഖ്യാപിച്ചത്. പക്ഷെ അന്ന് അത് നടപ്പിലാക്കാൻ സാധിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാ രത്തിൽ വന്നതിനുശേഷം ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുകയാണ്. ഒരു മിനിമം തുകയെന്നുള്ള നിലയിലേയ്ക്ക്, കയർ തൊഴിലാളികളുടെ മിനിമം കൂലി 210 രൂപയിൽ നിന്ന് 260 രൂപയാക്കി. ബഹുമാനപ്പെട്ട പ്രതി പക്ഷനേതാവ് പറഞ്ഞ ഓരോ മേഖലയേയും ഇൻകം സപ്പോർട്ട് സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്ന്, ആ വ്യവസായത്തിന് അത്രയും കൂലി കൊടു ക്കാനുള്ള ശേഷിയില്ലാത്തതുകൊണ്ട് ആ വ്യത്യാസം ഗവൺമെന്റ് കൊടുക്കു ന്നുവെന്നാരു സമീപനമാണ് ഇൻകം സപ്പോർട്ട് സ്കീമിലുള്ളത്. ആ നില യിൽ ചെയ്തിട്ടുണ്ട്. മത്സ്യതൊഴിലാളികളെ സംബന്ധിച്ചിടത്തോളം പഞ്ഞമാ സമെന്നുപറയുന്ന സമയത്ത് അവർക്ക് 1500/- രൂപവീതം നൽകുന്നുണ്ട്. ബീഡി വ്യവസായത്തിന് 150/- രൂപയിൽ കുറവാണ് മിനിമം വേജസ് തീരുമാ നിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതിക്കുപോലും 150 രൂപ കിട്ടുന്ന ഒരു സാഹചര്യത്തിൽ ആ വ്യത്യാസമാണ് അവിടെ നൽകുന്നത്. ഇതാണ് തീരുമാനിച്ചിട്ടുള്ളത്. പിന്നെ 3,000/- രൂപ പ്രതിമാസമെന്നൊരാവശ്യം, ഇതെക്കെ ഉദ്ദേശിച്ചുതന്നെയാണ് ഈ നടപടികൾ കൈകൊണ്ടിട്ടുള്ളത്.

രണ്ടാമതായി അദ്ദേഹം ആവശ്യപ്പെട്ടത് ക്ഷേമ പെൻഷനുകൾ 2,000/- രൂപ യാക്കണമെന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽപ്പോലും 120 രൂപയെന്നുള്ളത് 300 രൂപ വരെയാണ് വർദ്ധിപ്പിച്ചത്. 180 രൂപയുടെ വർദ്ധന വാണ് അന്ന് വർദ്ധിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരമേറ്റ മൂന്നുവർഷത്തി നകംതന്നെ 200 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. അത് പര്യാപ്തമാണെന്നുള്ള അഭി പ്രായം എനിക്കില്ല. പക്ഷേ ക്ഷേമനിധി ബോർഡുകളുടെ ഹെൽത്തി അല്ലാത്ത ഒരു സാഹചര്യത്തിലും ഗവൺമെന്റ് കർഷകത്തൊഴിലാളികളടക്ക മുള്ള കശുവണ്ടിതൊഴിലാളികൾക്കും കൊടുക്കുന്ന തുക 500 രൂപയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് അത് മെച്ചപ്പെടുത്താനുള്ള നടപടിയുണ്ടാകും. മൂന്നാമത് അദ്ദേഹം പറഞ്ഞത്, പി. എഫ്. പെൻഷന്റെ കാര്യമാണ്. പി.എഫ്. പെൻഷൻ പൂർണ്ണമായും നമ്മുടെ നിയന്ത്രണത്തിലല്ല. അത് കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. പി.എഫ്. പെൻഷൻ അപ ര്യാപ്തമാണെന്ന സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പക്ഷെ, അത് കേന്ദ്രം മൊത്തത്തിൽ എടു ക്കേണ്ട ഒരു തീരുമാനമാണ്. ഇത്രയുമാണ് എനിക്കിതിനെക്കുറിച്ച് പറയാനു ള്ളത്. തീർച്ചയായും പ്രതിപക്ഷനേതാവ് പറഞ്ഞ വിഷയം വളരെ ഗൗരവ ത്തോടുകൂടി എടുത്ത് ഇതിന്റെ......

ശ്രീ. പി. കെ. ഗുരുദാസൻ: സർ, 1000 രൂപ പത്തുവർഷത്തേയ്ക്ക് അങ്ങനെ 40 വർഷമാകുമ്പോൾ 4000/- രൂപ എന്നുള്ള രൂപത്തിൽ നേരത്തെ തീരുമാനിച്ചതാണ്. പക്ഷേ അത് നടപ്പാക്കിയിട്ടില്ല.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇക്കാര്യത്തെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇൻഡ്യൻ ലേബർ കോൺഗ്രസ്സ് കൂടിയപ്പോൾ രണ്ടുതവണ സംസ്ഥാന ഗവൺമെന്റ് ഈ അഭിപ്രായം രേഖാമൂലം അറിയിച്ചതുകൂടാതെ ഞാൻ തന്നെ ധരിപ്പിച്ചിട്ടുണ്ട്. ഏറ്റവുമൊടുവിൽ പ്രതിപക്ഷനേതാവ് പറഞ്ഞത് എല്ലാപേരുമായി ചർച്ച ചെയ്യണമെന്നാണ്. തീർച്ചയായിട്ടും ബന്ധപ്പെട്ടവരുമായി ചർച്ചചെയ്യുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി പറഞ്ഞപ്പോൾ വ്യവസായ വകുപ്പിന്റെ പദ്ധതിയെന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതു സംബന്ധിച്ച് സംസാരിക്കുന്നത്. കൈത്തറിക്ക് ഇന്നുള്ള പ്രശ്നങ്ങൾ കണക്കിലെടുത്ത് ഇപ്പോഴുള്ള നിലയിൽ അവർക്ക് പല സഹായങ്ങളും ചെയ്യുന്ന പദ്ധതികൾ വ്യവസായ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പലതും ഇത്തവണത്തെ ബഡ്ജറ്റിലേയ്ക്ക് കൊടുത്തിട്ടുണ്ട്. ഏതൊക്കെ ധനകാര്യവകുപ്പുമന്ത്രി ഉൾപ്പെടുത്തുമെന്ന് എനിക്ക് പറയാൻ കഴിയില്ല. അതുപോലെതന്നെ കശുവണ്ടി വ്യവസായം ഇൻകം സപ്പോർട്ട് സ്കീമാണ്. അതു മാത്രമല്ല, അവർക്കുള്ള ആനുകൂല്യങ്ങളൊക്കെ നേരത്തെ നിയമസഭയിൽ പറഞ്ഞിരുന്നു. അവർക്കുള്ള ആനുകൂല്യം നേരത്തെ നൽകണം. ബഡ്ജറ്റിലെ പ്രൊവിഷൻ വൈകി കൊടുക്കുന്നതുകൊണ്ടാണ് പല പ്രശ്നങ്ങളുമുണ്ടാകുന്നത്. കശുവണ്ടി വ്യവസായം ഒരു വ്യവസായമെന്നതിലേറെ ഒരു സാമൂഹികമായ ഉത്തരവാദിത്വമാണ്. ഒരു വെൽഫെയർ മെഷർ എന്ന നിലയ്ക്ക് കശുവണ്ടി വ്യവസായത്തിൽ ലാഭനഷ്ടം നോക്കിയിട്ട് കാര്യമില്ല. കശുവണ്ടി

മേഖലയ്ക്ക് ഫണ്ട് സപ്പോർട്ട് കൊടുക്കണമെന്നതുതന്നെയാണ് വ്യവസായ വകുപ്പിന്റെ നിലപാട്.

ഈറ്റത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് കൊടുക്കണം. അതിപ്പോൾ നമ്മുടെ പരിഗണനയിലുണ്ട്. അതുപോലെ തന്നെയാണ് കരകൗശല മേഖലയും. ഇതുപോലെയുള്ള ഓരോ മേഖലയുടെയും പ്രശ്നങ്ങൾ വളരെ ഗൗരവത്തിലെടുത്ത് പദ്ധതി തയ്യാറാക്കി ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇതിൽ വളരെയധികം താല്പര്യമെടുക്കുന്നുണ്ട്. ഇത് ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പിൽ വച്ചിട്ടുണ്ട്. പലതും ഫണ്ടിന്റെ റിക്വയർമെന്റാണ്. അദ്ദേഹം എന്തുചെയ്യുമെന്നറിയില്ല. ഓരോ പരമ്പരാഗത വ്യവസായ മേഖലയും ഇന്ന് നേരിടുന്ന..... സ്പിന്നിംഗ് മില്ലിന് ഒരു ഫണ്ട് വേണമെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അതിന് അങ്ങ് നിവേദനം തന്നതാണ്. എല്ലാ ടെക്സ്റ്റയിൽ മില്ലുകളും പ്രശ്നത്തിലാണ്. അതിന് പ്രത്യേക പാക്കേജ് വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ ഓരോന്നും പല മന്ത്രിമാർ കൈകാര്യം ചെയ്യുന്നതാണ്. എല്ലാത്തിനും ഒരു പദ്ധതി തയ്യാറാക്കുന്നുണ്ട്. ഞങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അതിൽ ഏതൊക്കെ പാസ്സായി കിട്ടുമെന്ന് അറിയില്ല. കാരണം സമ്പത്താണ് പ്രശ്നം.

**ശിക്ഷാ നടപടി**

ശ്രീമതി ജമീലാ പ്രകാശം: സർ, ഇക്കഴിഞ്ഞ ഡിസംബർ മാസം 29-ാം തീയതി വൈകുന്നേരം 7 മണിക്ക് ആലപ്പുഴയിൽ അന്ന് നടന്നുകൊണ്ടിരുന്ന

ബീച്ച് ഫെസ്റ്റിവൽ കാണാനെത്തിയതായിരുന്നു ജനതാദൾ (എസ്) ന്റെ സംസ്ഥാന കമ്മിറ്റി അംഗവും ജനതാ ട്രേഡ് യൂണിയൻ സെന്റർ (JTUC) ന്റെ സംസ്ഥാന വൈസ് പ്രസിഡന്റുമായ അഡ്വ. ബിജിലി ജോസഫും അദ്ദേഹ ത്തിന്റെ ഭാര്യ അഡ്വ. എൻ. ഷാജിതയും മകൾ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയായ മേധയും. അവിടെവച്ച് ഇവരുടെ നേർക്ക് ഏതാനും പോലീസുകാർ യാതൊരുവിധ പ്രകോപനവുമില്ലാതെ അതിക്രമം കാണിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് അഡ്വ. ബിജിലി ജോസഫ് 31–12–2013– ന് തന്നെ മദ്ധ്യമേഖലാ പോലീസ് ഐ.ജി.–ക്ക് പരാതി നൽകി. കൂടാതെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ചാർജ്ജെടുത്ത ദിവസം തന്നെ അദ്ദേഹത്തിനും അഡ്വ. ബിജിലി ജോസഫ് നേരിട്ട് പരാതി കൊടുക്കു കയുണ്ടായി. അഡ്വ. ബിജിലി ജോസഫ് കഴിഞ്ഞ 20 വർഷത്തിലധികമായി ആലപ്പുഴ ബാറിലെ അഭിഭാഷകനാണ്. കൂടാതെ വിദ്യാർത്ഥി യുവജന രംഗങ്ങളിൽ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ചിട്ടുള്ള ആളും കേരള ത്തിലെതന്നെ അറിയപ്പെടുന്ന ഒരു പൊതു പ്രവർത്തകനുമാണ്. ഇദ്ദേഹത്തിന്റെ ഭാര്യ അഡ്വ. എൻ. ഷാജിതയും ദീർഘകാലമായി പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവരാണ്. കൂടാതെ ആലപ്പുഴ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ അംഗമായി പ്രവർത്തിച്ചിട്ടുള്ള അഭിഭാഷകയുമാണ്. ഇവരെയാണ് പോലീസ് അസഭ്യം പറയുകയും റോഡിൽക്കൂടി വലിച്ചിഴച്ച് പോലീസ് ജീപ്പിൽ കയറ്റിക്കൊണ്ടു പോകുകയും ചെയ്തത്. അഡ്വ. ഷാജിതയേയും മകളേയും വലിച്ചിഴച്ച് പോലീസ് ജീപ്പിലേയ്ക്ക് കയറ്റിയത് വനിതാ പോലീസ് അല്ലെന്നുള്ളതും നമ്മൾ അറിയേണ്ടതാണ്. വനിതാ പോലീസ് ആരുംതന്നെ ആ സയമത്ത്

അവിടെ ഉണ്ടായിരുന്നതുമില്ല. പോലീസ് ഐ.ജി.-ക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും പരാതി നൽകിയിട്ട് 22 ദിവസത്തിലധികം കഴിഞ്ഞിട്ടും കുറ്റക്കാർക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പകരം ഒരു കാര്യം ചെയ്തു, അഡ്വ. ബിജിലി ജോസഫിനെതിരെ കേരള പോലീസ് ആക്ട് 117(ഇ) യും IPC 244(ബി)- യും വകുപ്പുകൾ അനുസരിച്ച് കേസെടുത്തിട്ടുണ്ട്. ഒരു പൊതുപ്രവർത്തക കുടുംബത്തെ ഒന്നടങ്കം പോലീസുകാർ ആക്രമിക്കുകയും കള്ളക്കേസിൽ കുരുക്കുകയും ചെയ്തിട്ട് ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിച്ചുവരുന്ന തന്ത്രപരമായിട്ടുള്ള മൗനം നമ്മളെ ഞെട്ടിപ്പിക്കുകയും മനസ്സിലാക്കാൻ കഴിയാത്ത എന്തോ ഒരു ദുരൂഹതയുണ്ടെന്ന് വിശ്വസിക്കാനായി പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒന്നാണ്. അഡ്വ. ബിജിലി ജോസഫിനേയും കുടുംബത്തേയും അധിക്ഷേപിക്കുകയും കള്ളക്കേസിൽ കുരുക്കുകയും ചെയ്ത പോലീസുദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും അവർക്കെതിരെ കേസെടുക്കുകയും ചെയ്യണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ആലപ്പുഴയിൽ 29-12-2013 മുതൽ 31-12-2013 വരെ നടന്ന ബീച്ച് ഫെസ്റ്റിവൽ വേളയിൽ വി.ഐ.പി.-കളുടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിനായി ബീച്ചിനു സമീപമുള്ള വിജയാ പാർക്കിനു തെക്കുവശവും മറ്റുള്ളവരുടെ വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് പരേഡ് ഗ്രൗണ്ടും ഒഴിച്ചിട്ടിരുന്നു. 29-12-2013- ന് വി.ഐ.പി.-കളുടെ വാഹനങ്ങൾ പാർക്കുചെയ്യുന്ന സ്ഥലത്ത് ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിലെ സി.പി.ഒ. 5016 ബാബു

രാജ് ഡ്യൂട്ടി ചെയ്തുവരവെ വൈകിട്ട് ഏഴുമണിയോടെ KL 04 X 3470 നമ്പർ കാറിൽ കുടുംബസമേതം എത്തിയ ജനതാദൾ (എസ്) സംസ്ഥാന കമ്മിറ്റി അംഗം അഡ്വ. ബിജിലി ജോസഫ് തന്റെ കാർ വി.ഐ.പി.–കളുടെ പാർക്കിംഗ് ഏരിയയിലേയ്ക്ക് ഓടിച്ചുകയറ്റിയതുകണ്ട് സി.പി.ഒ. ബാബുരാജ് വാഹനം തടയുകയും വി.ഐ.പി.–യുടേതല്ലാത്ത വാഹനം അവിടെ പാർക്ക് ചെയ്യരുതെന്നും പറഞ്ഞു. അത് വകവയ്ക്കാതെ അഡ്വ. ബിജിലി ജോസഫ് വാഹനം അവിടെ പാർക്കുചെയ്യാൻ ശ്രമിക്കുകയും സി.പി.ഒ. ബാബുരാജിനെ ചോദ്യം ചെയ്യുകയും അസഭ്യം വിളിക്കുകയും ചെയ്തു. സി.പി.ഒ. ബാബുരാജിനോട് അഡ്വ. ബിജിലി ജോസഫ് അകാരണമായി തട്ടിക്കയറുന്ന തുകണ്ട് നാട്ടുകാർ ഇടപെട്ടപ്പോൾ അഡ്വ. ബിജിലി ജോസഫ് അവരുമായി വാക്കുതർക്കമുണ്ടാക്കി. നാട്ടുകാർ അഡ്വ. ബിജിലി ജോസഫിനെതിരെ തിരിഞ്ഞപ്പോൾ കൂടുതൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാനും അഡ്വ. ബിജിലി ജോസഫിന്റെ സുരക്ഷയെക്കരുതിയും ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ആലപ്പുഴ നോർത്ത് പോലീസ് ഇൻസ്പെക്ടർ ശ്രീ. അജയ നാഥ്, പുളിങ്കുന്ന് പോലീസ് ഇൻസ്പെക്ടർ ബിനു എന്നിവർ ചേർന്ന് ബിജിലി ജോസഫിനെ പോലീസ് ജീപ്പിൽ കയറ്റി. അതുകണ്ട് ബിജിലി ജോസഫിന്റെ ഭാര്യയും മകളും പോലീസിന്റെ എതിർപ്പ് അവഗണിച്ച് നിർബന്ധപൂർവ്വം പോലീസ് ജീപ്പിൽ കയറി. മൂവരേയും പോലീസ് ജീപ്പിൽ സൗത്ത് പോലീസ് സ്റ്റേഷനിൽ എത്തിച്ചു. തുടർന്ന് സി.പി.ഒ. ബാബുരാജ് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ഹാജരായി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 294 (ബി), കെ.പി. ആക്ട് 117(ഇ) എന്നീ വകുപ്പുപ്രകാരം ക്രൈം 2004/2013 ആയി അന്നേദിവസം രാത്രി 8.15–ന് കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന്

അഡ്വ. ബിജിലി ജോസഫിനെ ഈ കേസിലേയ്ക്ക് അറസ്റ്റ് രേഖപ്പെടുത്തി രാജേന്ദ്ര പ്രസാദ്, ഫ്രാൻസിസ് മംഗലത്ത് എന്നിവരുടെ ജാമ്യത്തിൽ അന്നു രാത്രി 8.30– ഓടുകൂടി വിട്ടയച്ചിട്ടുള്ളതാണ്. അഡ്വ. ബിജിലി ജോസഫിനെ എനിക്ക് നേരിട്ടറിയാവുന്നതാണ്. ഇങ്ങനെയൊരു സംഭവമുണ്ടാകാൻ പാടില്ലാത്തതായിരുന്നു. പോലീസിന്റെ റിപ്പോർട്ടാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഈ സംഭവത്തെപ്പറ്റി ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടി നോട് അന്വേഷിക്കാനായി പറഞ്ഞിട്ടുണ്ട്.

## പ്രതികളെ പിടികൂടുന്നതിന്റെ ആവശ്യകത

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, 2013 സെപ്തംബർ മാസം 16–ാം തീയതി കഴിഞ്ഞ ചിങ്ങമാസത്തിലെ ഓണദിവസമാണ്. അന്ന് രാത്രി 8 മണിക്ക് ഉദുമ പഞ്ചായത്തിലെ മാങ്ങാട് സ്വദേശി ബാലകൃഷ്ണൻ എന്നയാളെ കുത്തിക്കൊലപ്പെടുത്തിയ കാര്യം താങ്കൾ അറിഞ്ഞിരിക്കും. ഏഴുപേർ ചേർന്നാണ് ഈ ക്രൂരകൃത്യം ചെയ്തത്. അദ്ദേഹം അദ്ദേഹത്തിന്റെ ഒരു ബന്ധുവിന്റെ വീട്ടിൽപ്പോയി തിരിച്ചുവരുമ്പോൾ മാങ്ങാട് ടൗണിനടുത്തു വച്ചാണ് ഈ സംഭവമുണ്ടായത്. ഈ ഏഴുപേരും കോൺഗ്രസ്സുകാരായി രുന്നു. മാങ്ങാടോ ഉദുമയിലോ കോൺഗ്രസ്സും സി.പി.(ഐ)എം–ഉം തമ്മിൽ യാതൊരുവിധ സംഘട്ടനങ്ങളോ പ്രശ്നങ്ങളോ ഉണ്ടായിരുന്നില്ല. ഈ ആറേഴുപേർ ചേർന്ന് കള്ളുകുടിച്ച ശേഷം കയ്യിൽകിട്ടുന്ന ആളുകളെ ആക്രമിക്കുകയെന്നതിന്റെ പേരിൽ വഴിയേ നടന്നുപോകുകയായിരുന്ന ബാലകൃഷ്ണനെ ക്രൂരമായി കുത്തിക്കൊലപ്പെടുത്തുകയായിരുന്നു. ഈ പറയുന്ന ബാലകൃഷ്ണൻ ആ നാട്ടിലെ എല്ലാ വിഭാഗത്തിൽപ്പെടുന്ന

ആളുകൾക്കും അറിയാവുന്ന ഒരു ചെറുപ്പക്കാരനായിരുന്നു. ഭാര്യയും രണ്ടു കുട്ടികളുമുള്ള ആ ചെറുപ്പക്കാരനെ നാട്ടിൽ ഒരാൾപോലും മോശക്കാരനായി ഇതുവരെ പറഞ്ഞിട്ടില്ല. ആ പ്രദേശത്ത് അന്നും ഇന്നും കോൺഗ്രസ്സും സി. പി.(ഐ)എം.–മുമായി യാതൊരു പ്രശ്നവുമുണ്ടായിട്ടില്ല. പക്ഷേ ഏഴുപേർ ചേർന്ന് ബാലകൃഷ്ണനെ കൊലപ്പെടുത്താനും അദ്ദേഹത്തിന്റെ കുടുംബത്തെ നശിപ്പിക്കാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ സംഭവമുണ്ടായത്. ഈ സംഭവം നടക്കുന്നതിന് മൂന്നുമാസങ്ങൾക്കുമുമ്പ് ബാലകൃഷ്ണന്റെ അനിയൻ ബാലചന്ദ്രനെ കുത്തിക്കൊലപ്പെടുത്തുന്നതിനു വേണ്ടി ഇവരേഴുപേരും പ്ലാൻ ചെയ്ത് മാരകമായി ആക്രമിച്ച് മാസങ്ങളോളം മംഗലാപുരം ആശുപത്രിയിൽ കിടന്ന് രക്ഷപ്പെട്ടുവന്നതാണ്. അതിനും ഒരു കാരണവുമുണ്ടായിരുന്നില്ല. അദ്ദേഹം അവിടത്തെ സി.പി.(ഐ) എം.–ന്റെ സെക്രട്ടറിയായിരുന്നു. ഈ കൊലയാളി സംഘം അവിടെ അഴിഞ്ഞാടുകയാണ്. പോലീസിലും അതുപോലെ ബന്ധപ്പെട്ട ആളുകളുടെ മുമ്പിലുമൊക്കെ പരാതി കൊടുത്തിട്ടുപോലും ഈ പ്രതികളുടെ പേരിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നതാണ് വസ്തുത. അനിയൻ ബാലചന്ദ്രനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതിയാണ് കോൺഗ്രസ്സിന്റെ മണ്ഡലം ഭാരവാഹിയായ മജീദ് എന്നയാൾ. അയാളെ ഇന്നും പിടികിട്ടിയില്ല. ഈ പറയുന്ന മജീദും അവിടത്തെ ഒരു കോ– ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരനും കോൺഗ്രസ്സിന്റെ ഡി.സി.സി. മെമ്പറായിരുന്ന ആളുടെ മകനും ഇപ്പോഴും പിടിക്കപ്പെടാതെ പുറത്തുനിൽക്കുകയാണ്. അവരാണ് ഈ സംഭവത്തിനെല്ലാം നേതൃത്വം കൊടുക്കുന്നത്. ഭരണത്തിന്റെ സ്വാധിനമുണ്ട്, കോൺഗ്രസ്സിലെ നേതാക്കളുടെ സ്വാധീനം ഞങ്ങൾക്കുണ്ട് എന്നൊക്കെ മനസ്സിലാക്കികൊണ്ടാണ് അവർ ക്രൂരകൃത്യം ചെയ്യുന്നത്. ഒരു കാരണവുമി

ല്ലാതെ ബാലകൃഷ്ണനെ കുത്തിക്കൊലപ്പെടുത്തിയ പ്രതികളെ ഇതുവരേയും അവിടത്തെ പോലീസ് അറസ്റ്റുചെയ്തിട്ടില്ലെന്നുള്ളതാണ് വസ്തുത. അറസ്റ്റുചെയ്ത അഞ്ചുപേരിൽ രണ്ടുപേരെ നിസ്സാര വകുപ്പിൽ കേസ് രജിസ്റ്റർ ചെയ്ത് ജാമ്യം കൊടുത്തു. ബാക്കി മൂന്നുപേരാണ് ഇപ്പോൾ ജയിലിലുള്ളത്. ഇതിൽ രണ്ടു പ്രധാനപ്പെട്ട പ്രതികളും ഇന്നും പുറത്തുനിൽക്കുകയാണ്. ഇവരെക്കൂടി അറസ്റ്റുചെയ്ത് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് ഈ കേസ് തെളിയിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒരു പ്രശ്നവുമില്ലാത്ത സ്ഥലത്ത് ഭരണത്തിന്റെ സ്വാധീനത്തിന്റെ ബലത്തിൽ കുറേ ആളുകൾ നടത്തിയ ഈ കൊലപാതകം ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുന്നതല്ല. അനാഥമായിരിക്കുന്ന ആ കുടുംബത്തെ രക്ഷിക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും ചെയ്തേ മതിയാകൂ എന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 16-09-2013-ന് രാത്രി 7.55- ന് ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മാങ്ങാട് വച്ച് മോട്ടോർ സൈക്കളിൽ സഞ്ചരിച്ചുവരികയായിരുന്ന സി.പി.(ഐ)എം. പ്രവർത്തകനായ 44 വയസ്സുള്ള ബാലകൃഷ്ണനെ കുട്ടാപ്പി എന്ന പ്രജിത്ത് (22), ഷിബു മജീദ് എന്നിവർ ചേർന്ന് രാഷ്ട്രീയ വിരോധത്താൽ ബൈക്ക് തടഞ്ഞുനിറുത്തി കുത്തി പരിക്കേല്പിച്ചു. നിലവിളികേട്ട് ഓടിയെത്തിയ ബാലകൃഷ്ണന്റെ സുഹൃത്ത് വിജയനും മറ്റൊരാളും ചേർന്ന് കാസർഗോഡ് കെയർവെൽ ആശുപത്രിയിൽ എത്തിച്ച സമയം ബാലകൃഷ്ണൻ മരണപ്പെട്ടു. ഈ സംഗതിക്ക് സുഹൃത്ത് വിജയന്റെ

മൊഴിപ്രകാരം IPC 302, 304 എന്നീ വകുപ്പുകൾ പ്രകാരവും ഒന്നിൽ കൂടുതൽപേർ ചേർന്ന് കൊലപാതകം നടത്തുന്നതുപ്രകാരം ക്രൈം 716/13 ആയി ബേക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു.

സംഭവമറിഞ്ഞ് കണ്ണൂർ റേഞ്ച് ഐ.ജി., കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് കേസന്വേഷണം ഊർജ്ജിതപ്പെടുത്താനും അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുംവേണ്ട നിർദ്ദേശം നൽകുകയുണ്ടായി. ഹോസ്ദുർഗ്ഗ് പോലീസ് ഇൻസ്പെക്ടർ ഈ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിയതിൽ ഈ കുറ്റകൃത്യത്തിൽ മേൽപ്പറഞ്ഞവരെക്കൂടാതെ കൃത്യത്തിന് പ്രേരണ നൽകുംവിധം പ്രവർത്തിച്ചതും പ്രതികൾക്ക് ഒളിവിൽ കഴിയുന്നതിന് സഹായം ചെയ്തതുമായ ശ്യാം മോഹൻ, സുരേഷ്, ശ്രീജയൻ, രഞ്ജിത്ത് എന്നിവരും ഉൾപ്പെട്ടിട്ടുണ്ടെന്നതിന് തെളിവ് ലഭിച്ചതിനാൽ അവരെക്കൂടി പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയും ഐ.പി.സി. 341, 111, 212 എന്നീ വകുപ്പുകൾ അന്യായമായി തടഞ്ഞുവയ്ക്കുന്നത്, കുറ്റകൃത്യത്തിന് പ്രേരണ നൽകുന്നത്, പ്രതികൾക്ക് ഒളിവിൽ കഴിയാൻ സഹായം നൽകുന്നത് എന്നിവ കൂടുതലായും ചേർത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഒന്നാം പ്രതിയായ പ്രജിത്ത് 19-09-2013 ഹോസ്ദുർഗ്ഗ് കോടതി മുമ്പാകെ കീഴടങ്ങുകയുണ്ടായി. രണ്ടാം പ്രതി ശ്യം മോഹനെ 24-09-2013 തീയതിയിലും മൂന്നാം പ്രതി സുരേഷിനെ 04-10-2013 തീയതിയിലും നാലാം പ്രതി ശ്രീജയനെ 25-09-2013 തീയതിയിലും അഞ്ചാം പ്രതി രഞ്ജിത്തിനെ 08-11-2013 തീയതിയിലും പോലീസ് അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ്

ചെയ്തു. അറസ്റ്റിലായ അഞ്ചാം പ്രതിയുടെ പേരിൽ ബഹുമാനപ്പെട്ട ജെ.എഫ്.സി.എം.–2, ഹോസ്ദുർഗ്ഗ് മുമ്പാകെ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചു. ഒളിവിൽ പോയ ആറാം പ്രതി ഷിബു, ഏഴാം പ്രതി മജീദ് എന്നിവരെ കണ്ടെത്തുന്നതിനായി അവർ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ നിരന്തരമായ തെരച്ചിൽ നടത്തുന്നതുൾപ്പെടെയുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ഹോസ്ദുർഗ്ഗ് പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്.

## വീട്ടിൽ കയറിയുള്ള മർദ്ദനം

ശ്രീ. കെ. ദാസൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ ചേമഞ്ചേരി പഞ്ചായത്തിൽ പൂക്കാട് സ്വദേശി റെയ്കോ മലപ്പുറം ശാഖാ മാനേജർ സുരേഷിനെ ഇക്കഴിഞ്ഞ ഡിസംബർ 9–ന് ഒരുകൂട്ടം ക്രിമിനലുകൾ അദ്ദേഹത്തിന്റെ വീട്ടിൽ കയറി ഭാര്യയുടെയും മകളുടെയും മുന്നിൽവച്ച് മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയും മരണത്തിൽ നിന്ന് അദ്ദേഹം തലനാരിഴയ്ക്ക് രക്ഷപ്പെടുകയും ചെയ്തതാണ്. ഓടിക്കൂടിയ നാട്ടുകാരും സുഹൃത്തുക്കളും ചേർന്നാണ് അദ്ദേഹത്തെ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ എത്തിച്ചത്. അതുകൊണ്ട് മാത്രമാണ് അദ്ദേഹത്തിന്റെ ജീവൻ തിരിച്ചുകിട്ടിയത്. ഇരുകാലുകളിലെയും എല്ലിൽ പൊട്ടലും ആഴത്തിലുള്ള മുറിവുകളും ഇരുകൈകൾക്കും തലയ്ക്കും സാരമായ പരിക്കുംപറ്റിയിട്ടുള്ള അദ്ദേഹം രണ്ടുമാസം കഴിഞ്ഞിട്ടും പ്രാഥമിക കൃത്യങ്ങൾപോലും സ്വയം നടത്താൻ പറ്റാത്ത അവസ്ഥയിൽ കിടന്ന കിടപ്പിലാണ്. അക്രമസംഘത്തിൽ ഉൾപ്പെട്ട രാമകൃഷ്ണൻ നിരവധി കേസ്സുകളിലെ പിടികിട്ടാപ്പുള്ളിയാണ്. ഏതാണ്ട് ഏഴുപേരാണ് ഈ കേസിൽ പ്രതിസ്ഥാനത്തുള്ളത്. സുരേഷും അദ്ദേഹത്തിന്റെ ഭാര്യയും മകളും ഈ പ്രതികളെയെല്ലാം നേരിട്ട്

തിരിച്ചറിയുകയും കൊയിലാണ്ടി പോലീസിൽ മൊഴി നൽകുകയും ചെയ്തതാണ്. അക്രമം നടന്ന് ഏതാണ്ട് രണ്ടുമാസം കഴിഞ്ഞിട്ടും അക്രമിസംഘത്തിലെ ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ പോലീസിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കാപ്പാട് കടലോരത്തുനിന്ന് അനധികൃതമായി മണൽ വാരുന്നവരാണ് പ്രതികൾ മുഴുവനും. മണൽ മാഫിയയ്ക്കെതിരെ കക്ഷിരാഷ്ട്രീയ ഭേദമന്യേ ബഹുജനങ്ങളെ സംഘടിപ്പിക്കുവാൻ നേതൃത്വപരമായ പങ്കുവഹിച്ചയാളാണ് സുരേഷ്. ആ വൈരാഗ്യത്തിലാണ് സുരേഷിനെ മറ്റൊരു കാരണവുമില്ലാതെ വധിക്കാൻ ശ്രമിച്ചത്. പ്രതികൾ മുൻകൂർ ജാമ്യത്തിനുവേണ്ടി ശ്രമിക്കുകയും കോടതി ജാമ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്. പ്രതികളിൽ പലരും ഇപ്പോഴും ബന്ധുവീടുകളിലും മറ്റുമായി നാട്ടിൽത്തന്നെ കഴിയുന്നുണ്ട്. പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് സുരേഷിനും കുടുംബത്തിനും നീതി കൊടുക്കാൻ വേണ്ട നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, റെയ്കോ എന്ന സ്ഥാപനത്തിന്റെ മലപ്പുറം ബ്രാഞ്ച് മാനേജരും കൊയിലാണ്ടി ചേമഞ്ചേരി നിവാസിയുമായ സുരേഷിനെ 09-12-2013-ന് രാത്രി 10.30-ന് ബി.ജെ.പി. പ്രവർത്തകരായ രാമകൃഷ്ണൻ, റെനീഷ്, ദീപക്, ജയൻ, ബിജു, മഞ്ജുനാഥ്, രാജു എന്നിവരും മറ്റ് കണ്ടാലറിയാവുന്ന എട്ടോളം പേരും ചേർന്ന് വീട്ടിൽ അതിക്രമിച്ചുകയറി വടിവാളും ഇരുമ്പ് പൈപ്പും കൊണ്ട് ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി. ഇരുകാലുകൾക്കും തലയ്ക്കും സാരമായി പരിക്കേറ്റ സുരേഷിനെ കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയ്ക്ക് അഡ്മിറ്റ് ചെയ്തു. സുരേഷിനെ അക്രമിച്ചവർക്കെതിരായി കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ

1243/13 പ്രകാരം ഐ.പി.സി. 143, 147, 148, 149, 452, 341, 324, 326, 307, 506(2) എന്നീ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥലത്തെ ഒരു പൊതുപ്രവർത്തകനായ സുരേഷ് കാപ്പാട് ബീച്ചിലെ അനധികൃത മണൽ കടത്തലിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന ആളാണെന്നും മണൽ മാഫിയയെ എതിർക്കുന്നതിലുള്ള വിരോധത്തിലാണ് സുരേഷിനെ അക്രമിച്ചതെന്നും അറിവായിട്ടുണ്ട്. സംഭവത്തിനുശേഷം ഒളിവിൽപ്പോയ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനിടയിൽ 20-12-2013-ൽ മുൻകൂർ ജാമ്യത്തിനായി പ്രതികൾ ബഹുമാനപ്പെട്ട കോഴിക്കോട് സെഷൻസ് കോടതിയെ സമീപിക്കുകയും കോടതി അത് നിരസിച്ചതിനെത്തുടർന്ന് 09-01-2014-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. സംഭവമറിഞ്ഞ് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ഉൾപ്പെടെയുള്ള ഉന്നത പോലീസുദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും തുടർന്ന് അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാനും പ്രതികളെ എത്രയുംവേഗം അറസ്റ്റ് ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കാപ്പാട് ബീച്ചിൽ സ്ഥിരമായി ഏർപ്പെടുത്തിയിട്ടുള്ള പോലീസ് പട്രോളിംഗ് അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ പ്രത്യേകം ജാഗ്രത പുലർത്തുന്നുണ്ട്. ബഹുമാനപ്പെട്ട കെ. ദാസൻ കഴിഞ്ഞ ദിവസം നിയമസഭയിൽ വച്ചുതന്നെ എന്നോട് ഇക്കാര്യം പറഞ്ഞു. ഞാൻ എ.ഡി.ജി.പി. (നോർത്ത്)-യോട് ഇക്കാര്യത്തിൽ ശക്തമായ നടപടി എടുക്കണമെന്നും പ്രതികളെ അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും സത്വരമായ നടപടി ഇക്കാര്യത്തിലുണ്ടാകും. സുരേഷ് പൊതുജനങ്ങൾക്ക് താൽപ്പര്യമുള്ള ഒരു പൊതുപ്രവർത്തകനാണെ

ന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

## പോലീസ് ഡ്രൈവർമാരുടെ കുറവ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിൽ ആവശ്യമായ പോലീസ് ഡ്രൈവർ തസ്തിക അനുവദിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് സഭയിൽ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വയനാട് ജില്ലയിൽ നിലവിൽ 148-ഓളം പോലീസ് വാഹനങ്ങളാണുള്ളത്. എന്നാൽ ഇത്രയും വാഹനങ്ങൾ ഓടിക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും 49 ഡ്രൈവർമാരാണുള്ളത്. വയനാട് ജില്ലയിൽ മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ചിട്ടുള്ളതാണ്. വയനാട് ജില്ലയിൽ വി.ഐ.പി.-കളുടെ കാര്യപരിപാടിയിൽ മാവോയിസ്റ്റ് നുഴഞ്ഞുകയറ്റ സാധ്യതയുള്ളതായി പോലീസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ മുന്നറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഡ്രൈവർമാരുടെ കുറവുമൂലം മലയോര മേഖലകളിൽ തെരച്ചിൽ നടത്തുന്നതിനും കാട്ടുപാതകളിൽക്കൂടി വാഹനങ്ങൾ ഓടിക്കുന്നതിനും പരിചയസമ്പന്നരായ ഡ്രൈവർമാർ വളരെ അത്യാവശ്യമാണ്. വയനാട് ജില്ലയിൽ ആവശ്യമായ വാഹനങ്ങളുടെ എണ്ണം 82 ആണ്. ഇതിൽ ആവശ്യമായ ഡ്രൈവർമാരുടെ എണ്ണം 90 ആണ്. എന്നാൽ സർക്കാർ അനുവദിച്ചിട്ടുള്ള ഡ്രൈവർമാരുടെ വേക്കൻസി 49 ആണ്. ഇതുപ്രകാരം 41 പോലീസ് ഡ്രൈവർമാരുടെ കുറവാണുള്ളത്. ആയതിനാൽ വളരെ അത്യാവശ്യമായി 41 പോലീസ് ഡ്രൈവർമാരുടെ അധിക തസ്തിക അനുവദിക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്. (ശ്രീ. രമേശ് ചെന്നിത്തല)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഡ്രൈവർമാരെ നിയമിച്ചിരുന്ന സമ്പ്രദായം നിർത്തലാക്കി. 25-11-2011-ലെ സർക്കാർ ഉത്തരവിലൂടെ ഡ്രൈവർമാരുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിരിക്കുകയാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ നടന്നുവരികയാണ്. അന്തിമ റാങ്ക് ലിസ്റ്റ് ഈ വർഷത്തിന്റെ ആദ്യ ത്രൈമാസാവസാനത്തിൽത്തന്നെ പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. നിയമന പ്രക്രിയയിലുണ്ടായ കാലതാമസം കാരണം കഴിഞ്ഞ രണ്ടുവർഷമായി പോലീസ് വകുപ്പിൽ ഡ്രൈവർമാരുടെ നിയമനം നടന്നിട്ടില്ല. ഇക്കാരണത്താൽത്തന്നെ വയനാട് ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും പോലീസ് ഡ്രൈവർമാരെ യഥാസമയം നിയമിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. ഇത് സേനയുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം പോലീസ് വകുപ്പിൽ 90 വാഹനങ്ങളുണ്ടെങ്കിലും 49 ഡ്രൈവർ തസ്തികകൾ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞത് വാസ്തവമാണ്. ഈ തസ്തികകളിലെല്ലാം ഡ്രൈവർമാർ സേവനമനുഷ്ഠിക്കുന്നുണ്ടെങ്കിലും ഡ്രൈവർമാരുടെ കുറവ് പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി 21-07-2010-ന് പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡ്രൈവിംഗ് ലൈസൻസുള്ള പോലീസ് സേനാംഗങ്ങൾക്ക് ആവശ്യാനുസരണം പോലീസ് വാഹനങ്ങൾ ഓടിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം വയനാട് ജില്ലയിലെ ഡ്രൈവിംഗ്

ലൈസൻസുള്ള സി.പി.ഒ., എ.സി.പി.ഒ.-മാരെ പോലീസ് വാഹനങ്ങൾ ഓടിക്കുന്നതിന് നിയോഗിച്ചുവരികയാണ്. സ്ഥിരം സംവിധാനമെന്ന നിലയിൽ വയനാട് ജില്ലയുൾപ്പെടെയുള്ള കേരളത്തിലെ എല്ലാ ജില്ലകളിലും വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ചുള്ള ഡ്രൈവർ തസ്തിക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പി.എസ്.സി. ചെയർമാനുമായി ഇക്കാര്യം ഞാൻ നേരിട്ട് സംസാരിക്കുകയുണ്ടായി. നിയമനപ്രക്രിയ ത്വരിതപ്പെടുത്താനും റാങ്ക് ലിസ്റ്റ് എത്രയുംപെട്ടെന്ന് പ്രസിദ്ധീകരിക്കാനും നിയമനങ്ങൾക്കുള്ള വഴിതുറക്കാനുമുള്ള നടപടികൾ സ്വീകരിക്കാമെന്ന് പി.എസ്.സി. ചെയർമാൻ ഉറപ്പുനൽകിയിട്ടുണ്ട്.

## അറസ്റ്റും റെയ്ഡും

ശ്രീ. സി. മോയിൻകുട്ടി: സർ, കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിജ്ഞാപനം പുറത്തുവന്ന ദിവസം എന്റെ മണ്ഡലത്തിലും കൊടുവള്ളി മണ്ഡലത്തിലെ താമരശ്ശേരിയിലുമുണ്ടായ വളരെയേറെ ഗൗരവതരമായ അനിഷ്ട സംഭവങ്ങളെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ക്രമസമാധാന പ്രശ്നവും പൊതുമുതൽ നഷ്ടവുമുണ്ടായി. അതോടൊപ്പം സർക്കാർ സ്ഥാപനങ്ങളുടെ വാഹനങ്ങൾ കത്തിച്ച് ചാമ്പലാക്കിയ സാഹചര്യവുമുണ്ടായി. ഇതൊന്നും ഞാൻ നിഷേധിക്കുന്നില്ല, ന്യായീകരിക്കുന്നുമില്ല. നിയമവാഴ്ച നിലനിൽക്കുന്ന സംസ്ഥാനത്തിൽ ഒരു കാരണവശാലും ഇത് ന്യായീകരിക്കാനും സാദ്ധ്യമല്ല എന്ന കാര്യം ഉറപ്പാണ്. ഇതുമായി ബന്ധപ്പെട്ട് നാൽപ്പത്തിയഞ്ച് കേസുകളാണ് ഉള്ളത്. നാൽപ്പതോളം അറസ്റ്റ് നടന്നു. ഇനി എൺപതോളം പേരെ അറസ്റ്റ് ചെയ്യാനിരിക്കുകയാണ്. അർദ്ധരാത്രി മുതൽ നേരം പുലരുന്നതുവരെ ഗ്രാമങ്ങളിൽ പോലീസ് റോന്ത്

ചുറ്റുകയാണ്. ഓരോ ദിവസവും ഓരോരുത്തരെയാണ് പോലീസ് പിടിക്കുന്നത്. വൃദ്ധരായ മാതാപിതാക്കളുടെയും ഭാര്യയുടെയും മക്കളുടെയും മുന്നിൽ വച്ച് വളരെ ഗൗരവതരമായ ഇടപെടൽ നടത്തിയാണ് പിടിച്ചുകൊണ്ടുപോകുന്നത്. വാസ്തവത്തിൽ ഏത് സാഹചര്യത്തിലാണ് ഈ വിഷയത്തെ കാണേണ്ടത് എന്നുകൂടി ഈ സംസ്ഥാന ഗവൺമെന്റ് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലനിൽപ്പിനുവേണ്ടി പൊരുതുന്ന ഒരുപറ്റം കർഷകർ, അവർക്ക് കക്ഷിയില്ല, രാഷ്ട്രീയമില്ല. അവരെ പറിച്ചെറിയുന്ന ഒരു സാഹചര്യമുണ്ടായപ്പോൾ പ്രതികരിച്ചിട്ടുണ്ട്. അത് നൂറ് ശതമാനം തെറ്റ് തന്നെയാണ്. എന്നാൽ പ്രതികരിച്ച സാഹചര്യവും അവരുടെ വികാരവും നമ്മൾ മനസ്സിലാക്കണം. ഭൂമിയുടെ വില നാലിലൊന്നായി കുറഞ്ഞ സാഹചര്യത്തിൽ ഇനി ഈ മണ്ണിൽ പിടിച്ചു നിൽക്കാൻ സാധ്യമല്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ അവർ പ്രകോപിതരായിട്ടുണ്ട്. എല്ലാ ഉത്തരവാദിത്ത ബോധത്തോടുംകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും സോണിയാജിയും ബഹുമാനപ്പെട്ട അങ്ങുമുൾപ്പെടെയുള്ള ആളുകൾ ഞങ്ങൾക്ക് തന്ന ഉറപ്പുണ്ട്. അതൊക്കെ ഞങ്ങൾ വിശ്വസിക്കുന്നു, സ്വാഗതം ചെയ്യുന്നു. പക്ഷെ ആ പ്രദേശത്തെ സംബന്ധിച്ച്, പിടിച്ചു നിൽക്കാൻ കഴിയാത്ത ഒരവസ്ഥ വന്നപ്പോൾ അവർ പ്രതികരിച്ചിട്ടുണ്ട്. അത് തീർച്ചയായും ന്യായീകരിക്കത്തക്കതല്ല. ഞാൻ അതിനെ അപലപിക്കുകയാണ്. ആരെയാണോ വേണ്ടത് അവരെ നിയമത്തിനുമുന്നിൽ ഹാജരാക്കാൻ ഞങ്ങൾ തയ്യാറാണ്. നാട്ടിൽ ഭീതിജനകമായ അവസ്ഥാവിശേഷമാണ് നിലനിൽക്കുന്നത്. കഴിഞ്ഞ നവംബർ 15-ന് ശേഷം രണ്ട് മാസമായി എല്ലാ ദിവസവും പോലീസ് റോന്ത് ചുറ്റുകയാണ്. പോലീസ് വണ്ടി വന്നാൽ കൂട്ടനിലവിളി

ഉണ്ടാവുകയാണ്. ഇത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം, ഈ വിഷയങ്ങളെ കുറിച്ച് മനസ്സിലാക്കിയിട്ടുള്ള നേതാവ് എന്ന നിലയിൽ കൂടി അങ്ങ് ഇടപെടണം. ഒരു ജനകീയ ഗവൺമെന്റ് ഒരു പ്രദേശത്ത് ഭീതിജനക മായ അവസ്ഥ ഉണ്ടാക്കുന്ന സ്ഥിതിയാണുള്ളത്. പലരും ഒളിവിലാണ്, പലർക്കും ജോലിയില്ല, പട്ടിണിയാണ്. ഇത് തിരിച്ചറിഞ്ഞുകൊണ്ട് അവരെ ഹാജരാക്കാനുള്ള സാവകാശം ഞങ്ങൾക്ക് നൽകണം. ആരെ വേണമെ ങ്കിലും ഹാജരാക്കാം, കേസ് തള്ളിക്കളയണമെന്ന വാദമൊന്നും ഇവിടെയില്ല. ഇതിന്റെ പ്രത്യേകമായ സാഹചര്യം മനസ്സിലാക്കി സഹതാപ പൂർണ്ണമായ സമീപനം ഈ വിഷയത്തിൽ സ്വീകരിക്കണം. ആരൂപത്തിലുള്ള ഒരു മറുപടി യുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ പ്രതിഷേധിച്ച് താമരശ്ശേരി സർക്കിൾ പരിധി യിൽപ്പെട്ട മലയോര പഞ്ചായത്തുകളായ പുതുപ്പാടി, തിരുവമ്പാടി, കൂടര ഞ്ഞി, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിൽ 15.11.2013 ൽ മലയോര പ്രദേശ വാസികൾ ഹർത്താൽ നടത്തുകയുണ്ടായി. ഹർത്താലിനിടെ താമരശ്ശേരി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസും പോലീസ് വാഹനങ്ങളും തീയിട്ട് നശിപ്പിക്കു കയും ബി.എസ്.എൻ.എൽ ഓഫീസ്, സെയിൽസ് ടാക്സ് ഓഫീസ്, പോസ്റ്റ് ഓഫീസ്, അഗ്രികൾച്ചറൽ ഓഫീസ്, സബ്ജിസ്ട്രാർ ഓഫീസ്, എക്സൈസ് ഓഫീസ് എന്നിവയ്ക്കു നേരെയും കെ.എസ്.ആർ.ടി.സി വാഹനങ്ങൾക്കു നേരെയും പത്ര-ദൃശ്യമാധ്യമങ്ങൾക്കു നേരെയും അക്രമങ്ങൾ ഉണ്ടാവു കയും വ്യാപകമായ നാശനഷ്ടം വരുത്തുകയും കോഴിക്കോട് റൂറൽ ജില്ലാ

പോലീസ് മേധാവി ശ്രീ. പി. എച്ച്. അഷ്റഫ്, മൂന്ന് ഡിവൈ.എസ്.പി.മാർ, രണ്ട് സി.ഐ.ഉൾപ്പെടെ 88 പോലീസ് ഉദ്യോഗസ്ഥർ, മൂന്ന് സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്ക് പരിക്കേൽക്കുകയും ചെയ്തു. മേൽപ്പറഞ്ഞ അക്രമങ്ങൾക്ക് താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി പോലീസ് സ്റ്റേഷനുകളിലായി 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 45 കേസ്സുകളിലായി പ്രതിചേർക്കപ്പെട്ടിട്ടുള്ള 3834-ഓളം പ്രതികളിൽ 44 പ്രതികളെ ഇതുവരെ അറസ്റ്റു ചെയ്തിട്ടുണ്ട്. അക്രമത്തിൽ പൊതുമുതൽ നശിപ്പിച്ചതു വഴി സർക്കാരിന് 1,02,15,063 രൂപയുടെ നഷ്ടം ഉണ്ടായി. ഇത്രയും ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങൾ നടത്തിയ പ്രതികളെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ ഹാജരാക്കേണ്ടത് നീതിന്യായ വ്യവസ്ഥയുടെ പരിപാലനത്തിന് അത്യന്താപേക്ഷിതമായതിനാൽ വ്യക്തമായ തെളിവുകൾ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രതികളെ പിടികൂടുന്നതിന് നിയമാനുസൃതമായ രീതിയിൽ പോലീസ് റെയ്ഡുകൾ നടത്തിയിട്ടുള്ളത് ശരിയാണ്. അത്തരം റെയ്ഡിനിടെ പ്രതികളുടെ വീട്ടുകാർക്ക് ഉപദ്രവകരമായ രീതിയിൽ പോലീസ് യാതൊന്നും ചെയ്തിട്ടില്ലാത്തതാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മോയിൻകുട്ടിയും ആ പ്രദേശത്തെ പാർലമെന്റ് അംഗം ശ്രീ. എം. ഐ. ഷാനവാസും അടക്കമുള്ള ജനപ്രതിനിധികൾ ഇതു സംബന്ധിച്ച് നിവേദനം നൽകിയിട്ടുണ്ട്. നിരപരാധികളായ ആൾക്കാർക്കെതിരെ ഒരു കാരണവശാലും പോലീസിന്റെ ഭാഗത്തുനിന്ന് ഒരു തരത്തിലും പ്രകോപനം ഉണ്ടാകരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേസ്സിൽ ഉൾപ്പെട്ട ആളുകളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ് എന്നു കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

## കുന്നത്തറ വ്യവസായ നവീകരണ പരിപാടി

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ബാലുശ്ശേരി മണ്ഡലത്തിൽ ദീർഘകാലമായി പൂട്ടിക്കിടന്നിരുന്ന കുന്നത്തറ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിക്കാനാവശ്യമായ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതിന് അനുകൂലമായ നടപടികളാണ് അദ്ദേഹം സ്വീകരിച്ചത്. അക്കാര്യത്തിൽ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. വ്യവസായ വകുപ്പ്, കെ.എസ്.ഐ.ഡി.സി, കെ.എസ്.ഐ.ഇ, ടെക്നോപാർക്ക്, മലബാർ സിമന്റ് എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ശുപാർശ സമർപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സമിതി ഇത് സംബന്ധിച്ച ഭാവി വികസന ശുപാർശ സമർപ്പിച്ചു എന്നാണ് എന്റെ അറിവ്. കുന്നത്തറയുടെ പുനരുദ്ധാരണം ഏറെ പ്രതീക്ഷയോടെയാണ് ആളുകൾ നോക്കിക്കാണുന്നത്. മണ്ഡലം സന്ദർശിച്ച മന്ത്രിക്കും ഇത് ബോധ്യപ്പെട്ടതാണ്. കുന്നത്തറ ടെക്സ്റ്റൈൽസ് നവീകരണത്തിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായ പാർക്ക് കൊണ്ടുവരാനുള്ള നിയമക്കുരുക്കുകൾ ഒഴിവാക്കി നടപടികൾ അതിവേഗം പുരോഗമിച്ചു വരികയാണ്. ഇക്കാര്യത്തിൽ മണ്ഡലം എം.പി.യും എം.എൽ.എയും വളരെ താല്പര്യമെടുക്കുന്നുണ്ട്. ഞാൻ അവിടം സന്ദർശിച്ചിരുന്നു. അവിടെ

ഒരു വ്യവസായ പാർക്ക് കൊണ്ടുവരാനുള്ള എല്ലാ നടപടിയും അതിവേഗം പൂർത്തിയാകുന്നതാണ്.

**തൊഴിൽ സംരക്ഷണത്തിന് നിയമ നിർമ്മാണം**

ശ്രീ. വി. ശിവൻകുട്ടി: സർ, മൾട്ടി ലെവൽ മാർക്കറ്റിംഗ് ജീവനക്കാരുടെ തൊഴിൽ സംരക്ഷണത്തിന് നിയമ നിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. മൾട്ടി ലെവൽ മാർക്കറ്റിംഗ് എന്നത് ആധുനിക കാലഘട്ടത്തിലെ ഒരു പുതിയ ബിസിനസ്സ് സമ്പ്രദായമാണ്. ഈ ബിസിനസ്സിനെ നിയന്ത്രിക്കുവാനും സംരക്ഷിക്കുവാനും പല രാജ്യങ്ങളിലും നിയമങ്ങൾ വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്ത് അത്തരം നിയമങ്ങൾ ഇല്ല. നിയമത്തിന്റെ അഭാവത്തിൽ മണിചെയിൻ തട്ടിപ്പ് നടത്തുന്ന സംഘങ്ങൾ മൾട്ടി ലെവൽ മാർക്കറ്റിംഗ് എന്ന പേരിൽ രംഗത്ത് വരികയും ഭീമമായ വെട്ടിപ്പ് നടത്തുകയും ചെയ്യുകയാണ്. ഇതിന്റെ പേരിൽ നേരായ രീതിയിൽ മൾട്ടിലെവൽ മാർക്കറ്റിംഗ് ബിസിനസ്സ് ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ പോലീസ് ദ്രോഹിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അത്യന്തം ഗുരുതരമായ ഈ പ്രശ്നം നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഈ മേഖലയിൽ നിയമം നിർമ്മിക്കുമെന്ന് ഉറപ്പ് നൽകിയിരുന്നതാണ്. നാളിതുവരെ അത് പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ എത്രയും വേഗം ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്

വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, മൾട്ടിലെവൽ മാർക്കറ്റിംഗ് നിരവധി ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന; ചെറുപ്പക്കാർക്ക് ഏറ്റവുമധികം employment opportunity നൽകുന്ന ഒരു മേഖലയാണ്. അതേയവസരത്തിൽത്തന്നെ നമ്മുടെ സംസ്ഥാനത്ത് ഈയടുത്ത കാലത്ത് അതുമായി ബന്ധപ്പെട്ട് കുറച്ച് തട്ടിപ്പുകൾ നടന്നു. ഈ തട്ടിപ്പുകൾ ഒറ്റപ്പെട്ട സംഭവങ്ങളാണ്. അതിന്റെ പേരിൽ മാന്യമായി ബിസിനസ്സ് ചെയ്തിരുന്ന ആളുകൾ മുഴുവൻ വിഷമത്തിലായി. പോലീസ് ഇടപെടലിനെത്തുടർന്ന് അവർക്ക് വലിയ വിഷമങ്ങൾ നേരിടേണ്ടിവന്നു. ചില പോലീസുദ്യോഗസ്ഥന്മാർ ഇതിനെ സംബന്ധിച്ച് ഒന്നും ചിന്തിക്കാതെ അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, ഇത് വ്യവസ്ഥാപിതമാക്കുക എന്നതുമാത്രമാണ് ഇതിനുള്ള ഒരേയൊരു പരിഹാരം. അതിനുവേണ്ടിയുള്ള നിയമം ഫൈനലായിട്ടുണ്ട്. ഇനി നിയമ വകുപ്പിന്റെ വെറ്റിംഗ് കൂടി കഴിഞ്ഞാൽ മൾട്ടിലെവൽ മാർക്കറ്റിംഗിനെ സംബന്ധിച്ച നിയമവ്യവസ്ഥ നിയമസഭയുടെ മുമ്പിൽ വരും. അപ്പോൾ നമുക്ക് ചർച്ച ചെയ്യാം. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ വിജിലന്റായി പ്രവർത്തിക്കുന്നുണ്ട്.

## തുല്യപരിഗണന

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ സീനിയർ, ജൂനിയർ എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്ന ഒരു സാഹചര്യം നിലവിലുണ്ട്. അവരെല്ലാവരും ഒരേ യോഗ്യതയുള്ളവരായിട്ടാണ് തെരഞ്ഞെടുക്കുന്നത്. പി.ജി.,

ബി.എഡ്, സെറ്റ് എന്നിവ കൂടാതെ പി.എസ്.സി. പരീക്ഷ എല്ലാവരും പാസ്സാകണം, ജോലി സമയം രണ്ടു കൂട്ടർക്കും ഒരു പോലെയാണ്. പക്ഷേ ജൂനിയർ തസ്തികയിൽ അദ്ധ്യാപകരമായി നിയമനം ലഭിക്കുന്നവർക്ക് ഗസറ്റഡ് പദവിയില്ല. ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകന്റെ അടി സ്ഥാന ശമ്പളം 20,740 രൂപയും ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകന്റെ അടിസ്ഥാന ശമ്പളം 16,950 രൂപയുമായി നിശ്ചയിച്ചിരിക്കുകയാണ്. ഒരാഴ്ച യിൽ 14 പിരീഡുകൾ ക്ലാസ് എടുക്കുന്നവർ ജൂനിയറും 16 പിരീഡുകൾ ക്ലാസ് എടുക്കുന്നവർ സീനിയറുമാണ്. ഹൈസ്കൂൾ ഉൾപ്പെടെ എവിടെയും ഇതുപോലുള്ള വിവേചനം കാണാൻ സാധ്യമല്ല. ഗവൺമെന്റ് സ്ഥാപനങ്ങ ളിൽ മണിക്കൂർ കണക്കാക്കിയല്ല ആർക്കും ജോലി കൊടുക്കുന്നത്. അങ്ങനെയാണെങ്കിൽ പാറാവ് നിൽക്കുന്ന പോലീസുകാരന് ഒരു ശമ്പളവും ഇൻവെസ്റ്റിഗേഷന് പോകുന്ന പോലീസുകാരന് വേറൊരു ശമ്പളവും നൽകേണ്ടതായിരുന്നു. വളരെ മോശമായ, ഭരണഘടനാ വിരുദ്ധമായ വിവേചനമാണ് ഹയർ സെക്കന്ററി സ്കൂളുകളിൽ നടക്കുന്നത്. മാത്രമല്ല അഞ്ചുവർഷം കഴിഞ്ഞയാളുകൾക്ക് പ്രൊമോഷൻ കൊടുക്കുന്നില്ല. തുല്യ യോഗ്യതയുള്ള ആളുകൾക്ക് തുല്യശമ്പളം നൽകുക എന്ന ഇന്ത്യൻ ഭരണ ഘടനയുടെ കൺസപ്റ്റിനു തന്നെ എതിരായിട്ടുള്ള കാര്യമാണിത്. ഹയർ സെക്കന്ററി ടീച്ചർമാർക്കിടയിലുള്ള ഈ വിവേചനം അടിയന്തരമായി അവസാനിപ്പിക്കുന്നതിനും തുല്യയോഗ്യതയുള്ള എല്ലാ അദ്ധ്യാപകർക്കും തുല്യമായ എല്ലാ അവകാശങ്ങളും വകവച്ചു നൽകുന്നതിനും ഈ സർക്കാർ അടിയന്തരമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ

എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം ജോലി ഭാരത്തിന്റെ അടിസ്ഥാന ത്തിലാണ് ഹയർ സെക്കന്ററി അദ്ധ്യാപകരെ ജൂനിയറെന്നും സീനിയറെന്നും തരംതിരിച്ചിട്ടുള്ളത്. ആഴ്ചയിൽ 14 പിരീഡുകൾ വരെ ജോലിഭാരമുള്ള അദ്ധ്യാപകരെ എച്ച്.എസ്.എസ്.ടി. ജൂനിയറായും ആഴ്ചയിൽ 15 മുതൽ 25 വരെ പിരീഡുകൾ ജോലിഭാരമുള്ള അദ്ധ്യാപകരെ എച്ച്.എസ്.എസ്.ടി. സീനി യറായും കണക്കാക്കുന്നു. ഈ രണ്ടു വിഭാഗത്തിനും വ്യത്യസ്ത ശമ്പള സ്കെയിലുകളാണ് നിലവിലുള്ളത്. എച്ച്.എസ്.എസ്.ടി. ജൂനിയറിന് 16950−31360, എച്ച്.എസ്.എസ്.ടി. സീനിയറിന് 20740−36140 എന്നീ ശമ്പള സ്കെയിലുകളിലാണ് നിലവിലുള്ളത്. ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ ഒരു വിഷയത്തിന് ഒരാഴ്ചയിൽ എത്ര പിരീഡുകൾ ജോലിഭാരമുണ്ടെന്ന് കണ ക്കാക്കിയാണ് സർക്കാർ തസ്തികകൾ അനുവദിക്കുന്നത്. ഇപ്പോൾ സമയ ബന്ധിത ഹയർ ഗ്രേഡ് മാത്രമാണ് എച്ച്.എസ്.എസ്.ടി. ജൂനിയറിന് ലഭിക്കു ന്നുള്ളൂവെന്നതിനാൽ അവരുടെ യോഗ്യതയും പ്രൊഫഷനിലുള്ള കഴിവും കണക്കിലെടുത്ത് 5 വർഷം പൂർത്തിയാകുന്ന എച്ച്.എസ്.എസ്.ടി. ജൂനിയ റിനെ എച്ച്.എസ്.എസ്.ടി. സീനിയറായി പ്രൊമോട്ട് ചെയ്യണമെന്ന് ഹയർ സെക്കന്ററി മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിക്കപ്പെട്ട പ്രൊഫ. പി.ഒ.ജെ. ലെബ്ബ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കരിക്കുലം കമ്മിറ്റി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി അദ്ധ്യാപകരാ

യുള്ള ആദ്യ നിയമനം എച്ച്.എസ്.എസ്.ടി. ജൂനിയറായും പ്രസ്തുത തസ്തികയിൽ അഞ്ചു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് എച്ച്.എസ്.എസ്.ടി. സീനിയർമാരായും സ്ഥാനക്കയറ്റം നൽകുന്ന തരത്തിൽ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഇതുപ്രകാരം എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം സാധിക്കുകയില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം എച്ച്.എസ്.എസ്.ടി. ജൂനിയർ, എച്ച്.എസ്.എസ്.ടി. സീനിയർ എന്നീ വേർതിരിവുകളില്ലാതെ എല്ലാവരെയും ഒറ്റഗണത്തിൽപ്പെടുത്തുക എന്നത് പ്രായോഗികമല്ല എന്ന വിവരമറിയിക്കുന്നു.

## പെൻഷൻ, ക്ഷേമനിധി, ഇൻഷ്വറൻസ്

ശ്രീ. അൻവർ സാദത്ത്: സർ, മുൻ പഞ്ചായത്ത് മെമ്പർ എന്ന നിലയിൽ മുൻ പഞ്ചായത്ത് മെമ്പർമാരുടെ വികാരം മനസ്സിലാക്കിക്കൊണ്ടാണ് സഭയുടെ മുന്നിൽ ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി ദീർഘകാലം സേവനമനുഷ്ടിച്ചവരും എന്നാൽ നിലവിൽ ജനപ്രതിനിധികളല്ലെങ്കിലും സാമൂഹ്യരംഗത്തും നാടിന്റെ വികസനരംഗത്തും പ്രവർത്തിക്കുന്ന നിരവധി മുൻ ജനപ്രതിനിധികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. പൊതുരംഗത്ത് പ്രവർത്തിച്ച് പ്രായമായ ഇവർക്ക് മറ്റ് തൊഴിലുകളൊന്നും ചെയ്യാൻ സാധിക്കാതെ സാമ്പത്തികമായി ബുദ്ധിമുട്ടും രോഗവും മൂലം പലരും വളരെ യാതനയിലാണ്. ഭക്ഷണത്തിനോ ചികിത്സയ്ക്കോ പണമില്ലാതെ കഷ്ടതയനുഭവിക്കുന്ന നിരവധി പേർ ഇവരിലുണ്ട്. ഇവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനത്ത് കേവലം പതിനായിരത്തിൽ താഴെ മാത്രം

എണ്ണമുള്ള മുൻ മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ കൗൺസിലർമാർ, മുൻ പഞ്ചായത്ത് മെമ്പർമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ എന്നിവർക്ക് പെൻഷൻ ക്ഷേമനിധിയും ഇൻഷ്വറൻസ് പദ്ധതിയും അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സബ്മിഷന് മറുപടി പറഞ്ഞാൽ വളരെ നല്ലതായിരിക്കുമെന്ന് ഈയവസരത്തിൽ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു.

<u>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):</u> സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ നൽകുന്ന വിഷയം സർക്കാർ സജീവമായി പരിഗണിച്ചു വരികയാണ്. ഇക്കാര്യം മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ചികിത്സാസഹായമായി ചികിത്സാച്ചെലവിന്റെ 50 ശതമാനമോ 50,000/– രൂപയോ ഏതാണ് കുറവ് അതാണ് നിലവിൽ അനുവദിച്ചു വരുന്നത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടി വരുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റു പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള ജനപ്രതിനിധികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ ആർ.എസ്.ബി.വൈ.–യിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു. ഇതുവരെ 7000–ത്തോളം പേർക്ക് അംഗത്വം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള മെമ്പർമാർക്ക് അംഗത്വം നൽകുന്നതിനുള്ള നടപടികൾ

പുരോഗമിച്ചു വരുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നാണ് ഇതിനാവശ്യമായിട്ടുള്ള പ്രീമിയം തുക അടച്ചുകൊണ്ടിരിക്കുന്നത്.

## സംസ്ഥാന ഹൈവേ

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മുതൽ മുട്ടുങ്കൽ വരെയുള്ള റോഡ് സംസ്ഥാന ഹൈവേയാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ദേശീയപാത 17-ൽ നിന്ന് വടകര കഴിഞ്ഞ് മുട്ടുങ്കലിൽ നിന്നും ബാംഗ്ലൂരിലേയ്ക്കുള്ള റോഡാണ് നാദാപുരം-മുട്ടുങ്കൽ റോഡ്. നാദാപുരം മുതൽ കുറ്റ്യാടി-തൊട്ടിൽപ്പാലം-മാനന്തവാടി സ്റ്റേറ്റ് ഹൈവേയാണ്. നാദാപുരം മുതൽ കുറ്റ്യാടി വരെ ബി.എം. & ബി.സി. റോഡിന്റെ പണി നടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയാണ് ഈ റോഡിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. എന്നാൽ നാദാപുരം-മുട്ടുങ്കൽ വരെയുള്ള 11 കിലോമീറ്റർ ദൂരം ഇതുവരെ സംസ്ഥാന ഹൈവേയായിട്ടില്ല. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഈ റോഡ് സംസ്ഥാന ഹൈവേയായി പ്രഖ്യാപിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു. ഒപ്പം നാദാപുരം -മുട്ടുങ്കൽ റോഡ് ബി.എം. & ബി.സി.യാക്കുമെന്ന് നേരത്തെ സബ്മിഷന് രേഖാമൂലം മന്ത്രി മറുപടി തന്നതാണ്. ആ പ്രവൃത്തി കൂടി ഇതിന്റെ ഭാഗമായി ചെയ്യണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 11.855 കിലോമീറ്റർ ദൂരം വരുന്ന നാദാപുരം-മുട്ടുങ്കൽ റോഡ് നിലവിൽ ഒരു മേജർ ഡിസ്ട്രിക്ട് റോഡാണ്. പ്രസ്തുത റോഡിന് 12 മീറ്റർ വീതി നിലവിലുണ്ട്. പ്രസ്തുത റോഡിൽ നാദാപുരം ടൗണിന് ഇടത്തോട്ട് പെരിങ്ങത്തൂർ

ചൊവ്വ ബൈപാസ് വരെയുള്ള റോഡും വലത്തോട്ട് കുറ്റ്യാടി വരെയുള്ള റോഡും സംസ്ഥാന പാതയാണ്. ഈ റോഡിലൂടെയുള്ള വാഹനഗതാഗതം ഉയർന്ന നിരക്കിലുമാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് പ്രസ്തുത റോഡ് സംസ്ഥാനപാതയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. അതോടൊപ്പം പ്രസ്തുത റോഡ് ബി.എം. & ബി.സി. ചെയ്ത് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## നണിശ്ശേരിക്കടവ് പാലം

ശ്രീ. ജെയിംസ് മാത്യു: സർ, കാസർഗോഡ്-കണ്ണൂർ ജില്ലയുടെ ഭാഗത്തുനിന്ന് ഗതാഗതക്കുരുക്ക് ഒഴിവാക്കി നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് ഏറ്റവും സഹായകരമായ പാലമാണ് തളിപ്പറമ്പ് അസംബ്ലി നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട നണിശ്ശേരിക്കടവ് പാലം. ഈ പാലത്തിന്റെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷം തുടർച്ചയായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വയ്ക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം സാധ്യതാ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികൾ ഏതാണ്ട് പൂർത്തീകരിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഡിസൈനിംഗ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ ബഡ്ജറ്റിലെങ്കിലും 20 ശതമാനം തുക വകയിരുത്തി നണിശ്ശേരിക്കടവ് പാലം യാഥാർത്ഥ്യമാക്കുന്നതിന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പു മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സഹായിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ വളപട്ടണം പുഴയ്ക്ക് കുറുകേ നണി ശ്ശേരിക്കടവിൽ പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തി യാക്കി അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരികയാണ്. ഡിസൈൻ ലഭ്യമായ ശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്ന താണ്. ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. തുക വകയിരുത്തുന്നത് ധന കാര്യ വകുപ്പുമന്ത്രിയുടെ അധികാരവും അവകാശവുമാണ്. അദ്ദേഹം ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കാം.

## പെൻഷൻ പദ്ധതി

ശ്രീ. ലൂഡി ലൂയിസ്: സർ, സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് ഏറെ വരുമാനം നേടിത്തരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ. ഈ കോർപ്പറേഷനിലെ ജീവനക്കാർക്ക് മറ്റ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ജീവനക്കാർക്ക് റിട്ടയർമെന്റിനുശേഷം നാമമാത്രമായ പെൻഷ നാണ് ഇ.പി.എഫ്.-ൽ നിന്ന് ലഭിക്കുന്നത്. കോർപ്പറേഷനിലെ തൊഴിലാളി കൾക്ക് പെൻഷൻ വേണമെന്നുള്ള ആവശ്യം വർഷങ്ങളായി ഉന്നയി ക്കുന്നതാണ്. ഇപ്പോൾ പുതിയ പെൻഷൻ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിരിക്കുകയാണ്. പുതിയ പെൻഷൻ പദ്ധതിയെ വളരെയേറെ പ്രതീ ക്ഷയോടുകൂടിയാണ് ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാർ കാണു ന്നത്. ഇന്ന് ഈ വകുപ്പിന്റെ നേതൃത്വം വഹിക്കുന്ന മന്ത്രി മുൻകാല ട്രേഡ് യൂണിയൻ നേതാവും തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന കാര്യ ത്തിൽ എന്നും മുൻപന്തിയിൽ നിന്ന് പ്രവർത്തിച്ച ഒരാളുമെന്ന നിലയിൽ,

ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ ബാബു): സർ, ബിവറേജസ് കോർപ്പറേഷനിൽ 3500 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കെ.എസ്.ബി.സി. ജീവനക്കാർ, അബ്കാരി വർക്കർമാർ, മറ്റ് വകുപ്പുകളിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴി നിയമിക്കപ്പെട്ട ജീവനക്കാർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർ തുടങ്ങിയവർ മുഖേനയാണ് കോർപ്പറേഷനിലെ ദൈനംദിന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കോർപ്പറേഷനിലെ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായത്തിൽ ഏകീകരണമില്ല. 1700-ഓളം വരുന്ന അബ്കാരി വർക്കർമാരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. എന്നാൽ 900-ത്തോളം വരുന്ന കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ജീവനക്കാർ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിലെ അംഗങ്ങളാണ്. എന്നാൽ കോർപ്പറേഷനിൽ നിന്ന് ദീർഘകാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന ജീവനക്കാർക്ക് ഏകദേശം 2000 രൂപ വരുന്ന തുച്ഛമായ പെൻഷനാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ജീവിത ചെലവ് അനുദിനം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന പെൻഷൻ തികച്ചും നാമമാത്രമാണെന്നാണ് കണക്കാക്കപ്പെടുന്നത്. ബഹുമാനപ്പെട്ട ലൂഡി ലൂയിസ് എം.എൽ.എ. ചൂണ്ടികാണിച്ച പ്രശ്നം ശരിയാണ്. ഇവിടെയുള്ള ജീവനക്കാർ ധാരാളം പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. അവർക്ക് ഹോളിഡേയും എട്ടുമണിക്കൂർ ജോലി വ്യവസ്ഥയുമില്ല. ഈ വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ട് ബിവറേജസ് കോർപ്പറേഷ

നിലെ ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്. നിലവിലെ ഇ.പി.എഫ്. പദ്ധതിക്ക് പുറമേ ആയിരിക്കും ഈ ആനുകൂല്യം നടപ്പിലാക്കുന്നത്.

## തെരുവ് വിളക്ക് സ്ഥാപിക്കൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, സംസ്ഥാനത്തെ നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും തെരുവ് വിളക്കുകൾ കത്താത്തതുമൂലം പല രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഒട്ടുമിക്ക പ്രദേശങ്ങളിലും ഇപ്പോഴും സാധാരണ നിലയിലുള്ള ബൾബുകളാണ് ഉപയോഗിക്കുന്നത്. അതിൽ പലതും കത്താറില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്.ഇ.ബി.യും തമ്മിലും, ജനപ്രതിനിധികളും നാട്ടുകാരും തമ്മിലും ഇതിന്റെ പേരിൽ ധാരാളം തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്. മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും കത്താത്ത വിളക്കുകൾക്ക് കൃത്യമായി വൈദ്യുതി ചാർജ് അടയ്ക്കേണ്ടി വരുന്നുണ്ട്. ഒരിക്കൽ സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നീട് അത് റിപ്പയർ ചെയ്യാനോ അല്ലെങ്കിൽ പുതിയത് മാറ്റിയിടാനോ പലപ്പോഴും കഴിയാറില്ല. കെ.എസ്.ഇ.ബി. ഇക്കാര്യത്തിൽ നിസ്സംഗതയാണ് പുലർത്തുന്നത്. പ്രശ്നപരിഹാരത്തിനായി നിലവിൽ ജനപ്രതിനിധികളും കെ.എസ്.ഇ. ബി.യും ഉൾകൊള്ളുന്ന കമ്മിറ്റികൾ ഉണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിക്കാറില്ല. കാര്യക്ഷമതയും ഊർജ്ജക്ഷമതയുമുള്ള ഉപകരണങ്ങൾക്ക് വിലകൂടുതലായതിനാൽ അവ സ്ഥാപിക്കാൻ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും കഴിയുന്നില്ല. തെരുവ് വിളക്ക് കത്താത്തതിനാൽ അപകടങ്ങളും അതിക്രമങ്ങളും ഉണ്ടാകുന്നത് പതിവാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ പല ഗ്രാമപഞ്ചായത്ത്

പ്രസിഡന്റുമാരും മുനിസിപ്പൽ ചെയർമാൻമാരും അംഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പലപ്പോഴും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. തെരുവ് വിളക്കുകൾ കാലോചിതമായി പരിഷ്കരിക്കുകയാണെങ്കിൽ വൈദ്യുതിയുടെ ഉപഭോഗത്തിലും കാര്യമായ നേട്ടം ഉണ്ടാക്കാൻ സാധിക്കും. സർക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള തെരുവുവിളക്ക് സ്ഥാപിക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണനയും ഇടപെടലുകളും നടത്തണമെന്നും നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സംസ്ഥാനത്തെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതും സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി പലപ്പോഴും അഭിപ്രായ വ്യത്യാസം ഉണ്ടാകാറുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ നഗരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായി കിടക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് കൂടുതൽ ഊർജ്ജക്ഷമതയും ഉപയോഗക്ഷമതയുമുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വിളക്കുകൾ നൽകുന്ന പ്രകാശത്തിന്റെയും ഉപയോഗിക്കുന്ന വൈദ്യുതിയുടെയും നിലനിൽക്കുന്ന കാലാവധിയുടെയും അടിസ്ഥാനത്തിൽ ഏറ്റവും ഉപയോഗക്ഷമമായും കാര്യക്ഷമമായും ഊർജ്ജക്ഷമതയോടുംകൂടി പ്രവർത്തിക്കുന്നത് എൽ.ഇ.ഡി. വിളക്കുകളാണ്. എന്നാൽ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രമാണ് എൽ.ഇ.ഡി. വിളക്കുകൾ ഉപയോഗിക്കുന്നത്. മറ്റ് സ്ഥലങ്ങളിലെല്ലാം മെർക്കുറി വേപ്പർ, സോഡിയം വേപ്പർ, മെറ്റൽ ഹാലൊജൻ, ഫ്ളൂറസന്റ് വിളക്കുകൾ, സി.എഫ്. വിളക്കുകൾ,

ഫിലമെന്റ് ബൾബുകൾ തുടങ്ങിയ വിവിധയിനം വിളക്കുകളാണ് ഉപയോഗിക്കുന്നത്. നിലവിലുള്ള തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.യിലേയ്ക്ക് മാറിയാൽ വൈദ്യുതി ഉപഭോഗത്തിൽ ഏകദേശം അമ്പത് ശതമാനത്തിന് മുകളിൽ കുറവു വരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ പരിപാലന ചെലവ് വർഷങ്ങളോളം ഇല്ലാതാവുകയും ചെയ്യും. ഇത്തരത്തിൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനുള്ള ചെലവിൽ ഉണ്ടാകുന്ന കുറവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഗുണമേന്മയിലുള്ള എൽ.ഇ.ഡി. വിളക്കുകളുടെ ലഭ്യതക്കുറവ്, അതിന്റെ പരിപാലനം, ഉയർന്ന വില തുടങ്ങിയ പ്രശ്നങ്ങളാണ് ഇത്തരം വിളക്കുകൾ ഉപയോഗിക്കുന്നതിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തിരിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ നഗരസഭകളുടെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര പൊതുമേഖല സ്ഥാപനമായ എൻർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നഗരജ്യോതിയെന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി. സമർപ്പിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇരുസഭകളുടെയും ഒരു യോഗം വിളിക്കുകയും ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ 41 നഗരസഭകൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇത് പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ നഗരങ്ങളിൽ ആവശ്യാനുസരണം തെരുവ് വിളക്കുകൾ ഇല്ലായെന്ന പരാതി പൂർണ്ണമായും പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.